പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 3641 25.06.2013 ൽ മറുപടിക്ക്

## സമഗ്ര ഗതാഗത സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. ഹൈബി ഈഡൻ: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | സമഗ്ര ഗതാഗത സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ഭാവിയിലെ സമഗ്ര ഗതാഗത വികസനത്തെ ലക്ഷ്യമാക്കി 'ഗതാഗത വീക്ഷണം 2030' എന്ന പേരിൽ നാറ്റ്പാക് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ കരട് ഗതാഗത നയം രൂപീകരിക്കാനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും<br>(സി) യും<br>(ഡി) യും | അന്തർ സംസ്ഥാന ദീർഘദൂര ഗതാഗത ആവശ്യങ്ങൾക്ക് അതിവേഗ റെയിൽപാത, വ്യോമഗതാഗതം തുടങ്ങിയവ ആവശ്യാനുസരണം കുറഞ്ഞ ചെലവിൽ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഇത് ലക്ഷ്യമിടുന്നു. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് പട്ടണ സൗകര്യങ്ങൾ ലഭ്യമാകുന്ന രീതിയിൽ പൊതു ഗതാഗതം ശക്തിപ്പെടുത്തുക, വാഹനപ്പെരുപ്പം, സ്ഥലദൗർലഭ്യം എന്നിവ മൂലം വീർപ്പ് മുട്ടുന്ന നഗരവാസികൾക്ക് മോണോ റെയിൽ, മെട്രോ തുടങ്ങിയ ബഹുജന ഗതാഗത സംവിധാനങ്ങൾ ലഭ്യമാക്കുക, നിലവിലുള്ള പ്രധാന റോഡുകൾ നാല് വരിയോ ആറ് വരിയോ ആക്കി വീതി കൂട്ടുക, എല്ലാ കവലകളിലും മേൽ പാലങ്ങൾ നിർമ്മിക്കുകയും, സമഗ്ര ഗതാഗത സൗകര്യങ്ങൾ നടപ്പിലാക്കി കുറ്റമറ്റ ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ കൊണ്ടു വരിക, വ്യക്തിഗത ഉപയോഗത്തിനുള്ള വാഹനങ്ങളുടെ ഉപയോഗത്തിന് കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടു വരിക, പൊതുഗതാഗതത്തിൽ സംസ്ഥാന റോഡ് ഗതാഗത വകുപ്പിന്റെ പങ്ക് 50% ആയി ഉയർത്തുക, ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന് വേണ്ടി ജലഗതാഗത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുക, വർദ്ധിച്ചു വരുന്ന റോഡപകടങ്ങളെ ചെറുക്കുകയും റോഡപകടമരണങ്ങൾ പരമാവധി കുറയ്ക്കുക എന്നിവയാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. |
| (സി) | ഏതെല്ലാം സൗകര്യങ്ങളാണ് ഇതു മൂലം ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ